**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 177** **05-02-2026 - ൽ മറുപടിയ്ക്ക്**

**വിമുക്തി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ യുവാക്കളിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കുന്നത് തടയാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ യുവാക്കളിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കുന്നത് തടയാൻ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യത്യസ്തങ്ങളായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് ടീം, ഹൈവേ പട്രോൾ ടീം എന്നിവ രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തിവരുന്നു. കൂടാതെ 14 ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നു.<br><br>PIT NDPS Act പ്രകാരം സ്ഥിരം കുറ്റവാളികളെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. NDPS കേസിൽ 10 വർഷവും അതിൽ കൂടുതലും ശിക്ഷ കിട്ടാവുന്ന കേസുകളിൽ ഉൾപ്പെട്ട പ്രതികളുടെയോ, അവരുടെ അടുത്ത ബന്ധുക്കളുടെയോ പേരിലുള്ള അനധികൃതമായി സമ്പാദിച്ച സ്വത്ത് വകകൾ കണ്ടു കെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ലഹരി കടത്തും കച്ചവടവും നടത്തി വരുന്നവരുടെ പ്രവർത്തനങ്ങൾക്ക് തടയിടാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു.<br><br>വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വ്യത്യസ്ത മേഖലകളെ അടിസ്ഥാനമാക്കി ഓരോ മേഖലയ്ക്കും അനുയോജ്യമായ തരത്തിലാണ് ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിക്കുന്നത്. സമൂഹത്തിലെ യുവാക്കൾക്കിടയിലെ ലഹരി ഉപയോഗം |

| | | | |
|---|---|---|---|
| | | | ഫലപ്രദമായി പ്രതിരോധിക്കുന്നതിന് സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ വിമുക്തി മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലെ വാർഡ് കമ്മിറ്റികൾ പുനസംഘടിപ്പിച്ച് യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളെയും, സാമൂഹിക-രാഷ്ട്രീയ-സന്നദ്ധ-യുവജന സംഘടനകൾ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ 'No To Drugs' എന്ന പേരിൽ ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു.<br><br>യുവാക്കൾക്കിടയിൽ ലഹരിവിരുദ്ധ മനോഭാവം വളർത്തുന്നതിന്റെ ഭാഗമായി ലഹരിക്കെതിരെയുള്ള സന്ദേശങ്ങളുമായി എക്സൈസ് ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ, അധ്യാപകർ, പ്രദേശത്തെ പ്രമുഖ വ്യക്തികൾ എന്നിവർ ഉൾപ്പെടെയുള്ള സംഘം ഭവന സന്ദർശനങ്ങൾ നടത്തി ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശം പ്രചരിപ്പിച്ച് വരുന്നു. ആദിവാസി, തീരദേശ മേഖലകളിലും അതിഥി തൊഴിലാളി മേഖലകളിലും യുവാക്കൾ ലഹരിക്കടിമപ്പെടാതിരിക്കുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു.<br><br>ലഹരിക്കടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ നൽകുന്നതിന് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസിലിംഗ് കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. |
| (ബി) | വിമുക്തി പദ്ധതി വ്യാപകമാക്കുന്നതിനും സ്കൂൾ, കോളേജ് തലങ്ങളിൽ നിർബന്ധിത ബോധവൽക്കരണം നടപ്പാക്കുന്നതിനും എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വിമുക്തി പദ്ധതി വ്യാപകമാക്കുന്നതിനും സ്കൂൾ, കോളേജ് തലങ്ങളിൽ നിർബന്ധിത ബോധവൽക്കരണം നടപ്പാക്കുന്നതിനും, ലഹരിമുക്ത നവകേരളം സാക്ഷാത്ക്കരിക്കുന്നതിനുമായി എക്സൈസ് വകുപ്പും വിമുക്തി മിഷനും വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ലഹരിക്ക് അടിമപ്പെട്ടവർക്കു സൗജന്യമായി ചികത്സ നൽകുന്നതിനായി 14 ജില്ലകളിലും പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകൾ ശാക്തീകരിക്കുന്നതിനും, കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക ചികിത്സ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | സ്കൂളുകളിൽ ആന്റി നാർക്കോട്ടിക് ക്ലബ്ബുകളുടെ ശക്തിപ്പെടുത്തൽ, ഉണർവ്വ് പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ കായികപരമായും കലാപരമായും ഉള്ള അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള പരിപാടികളും സംഘടിപ്പിക്കുന്നു. ലഹരി വിരുദ്ധ ബോധവത്കരണത്തിനായി എല്ലാ ജില്ലകളിലെയും SPC, NSS, NCC, സ്കൂൾ/കോളേജ് ആന്റി നാർക്കോട്ടിക് ക്ലബുകൾ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ ക്യാമ്പുകൾ, കായിക പരിശീലനം/ ശിൽപ്പശാല/ചർച്ചകൾ/ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. എക്സൈസ് വകുപ്പും വിമുക്തി മിഷനും സംസ്ഥാനതലത്തിലും ജില്ലകളിലും നടത്തുന്ന പ്രധാന ആഘോഷങ്ങളിലും മറ്റ് പരിപാടികളിലും വിമുക്തിയുടെ ബോധവൽക്കരണ സ്റ്റാൾ, ഫ്ലോട്ട്, പ്രചരണ ബോർഡുകൾ എന്നിവ സജ്ജീകരിച്ച് ലഹരിക്കെതിരെ ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണികൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനും പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി ബാല്യം അമൂല്യം എന്ന പദ്ധതി നടപ്പാക്കി ബോധവൽക്കരണ ആശയം പ്രചരിപ്പിച്ച് വരുന്നു.<br><br>കേരള സർക്കാരിന്റെ "NO TO DRUGS" എന്ന ലഹരി വിരുദ്ധ ക്യാംപയിനുമായി ബന്ധപ്പെട്ട് National legal service authority(NALSA) യും, Kerala legal service authority(KeLSA) യും, കേരള സർക്കാരും സംയുക്തമായി ബോധവൽക്കരണ പ്രചരണ പരിപാടി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ